


# ഹജ്ജിന്റെ സമ്പൂർണ്ണ രൂപം

പരിശോധന

അബ്ദുൽ ജബ്ബാർ മദീനി

INDIAN ISLAHI CENTER DAMMAM

Contact +966 50-284-1607

# ആമുഖക്കുറിപ്പ്

അല്ലാഹുവിന് മാത്രമാകുന്നു സർവ സ്തുതിയും, തിരുനബിയിലും കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹുവിൽ നിന്ന് നിത്യവും വർഷിക്കുമാറാകട്ടെ.

ഇസ്ലാം കാര്യങ്ങളിൽ അഞ്ചാമത്തേതാണല്ലോ ഹജ്ജ് സിർവഹിക്കൽ. അത് കഴിവുള്ള ഒരോ മുസ്ലിമും ജീവിതത്തിൽ ഒരിക്കലെങ്കിലും നിർവ്വഹിക്കേണ്ടതാണല്ലോ. അത് കൊണ്ട് തന്നെ ഹജ്ജ് നിർവഹിക്കുന്നതിന് മുമ്പ് അതിനെ കുറിച്ചുള്ള കൃത്യമായ അറിവുണ്ടാകേണ്ടതുണ്ട്.

സ്വാഭാവികമായും ഹജ്ജിൽ ധാരാളം പ്രവർത്തനങ്ങൾ ഉള്ളതുകൊണ്ട് മനസ്സിലാക്കാൻ അല്പം പാട് പെടേണ്ടതുണ്ട്. അതിന് സഹായകമായാണ് ഈ ഒരു കൃതി തെയ്യാറാക്കിയത്. പ്രധാനമായും സൗദി അറേബ്യയിലെ  പാഠപുസ്തകങ്ങളെ അവലംബിച്ചാണ് ഇത് രചിച്ചിട്ടുള്ളത്.

ഇതിന്റെ പരിശോധന നടത്തിയതും അനിവാര്യമായ തിരുത്തലുകൾ നടത്തിയതും ബഹുമാന്യ ഗുരുനാഥൻ അബ്ദുൽ ജബ്ബാർ മദീനി അവറുകളുമാണ്.

അല്ലാഹു ഈ ഒരു ചെറു കൃതിയെ അനുഗ്രഹിക്കുകയും സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

**Indian Islahi Center Dammam.**

All rights reserved. This book or any portion thereof may not be reproduced or used in any manner whatsoever without the express written permission of the publisher except for the use of brief quotations in a book review.

Printed by Indian Islahi Center Dammam, Inc., in the Dammam of KSA.

First printing, 2021.

Example Publisher
32211 Address St.
Dammam, KSA, 32211

www.youtube.com/c/GuidanceTV



# ഉള്ളടക്കം


01 ഹജ്ജിന്റെ ശ്രേഷ്ഠതകളും നിബന്ധനകളും

02 ഹജ്ജിന്റെ വിധികൾ

03 ഹജ്ജിന്റെ രൂപം

04 വിശുദ്ധ മദീന സന്ദർശനം

# ഹജ്ജിന്റെ ശ്രേഷ്ഠതകളും നിബന്ധനകളും

പ്രത്യേക സമയത്ത് മക്കയെ ലക്ഷ്യമാക്കി പ്രത്യേകമായ ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുന്നതിന്നാണ് മതപരമായി ഹജ്ജ് എന്ന് പറയുക.

## ഇസ്‌ലാമിൽ ഹജ്ജിനുള്ള സ്ഥാനം

ഇസ്ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ പെട്ടതാണ് ഹജ്ജ്. ഹിജ്റാ ഒമ്പതാം വർഷമാണ് ഹജ്ജ് നിർബന്ധമാക്കപ്പെട്ടത്. തിരുനബി (ﷺ) ഒരു ഹജ്ജ് മാത്രമാണ് നിർവ്വഹിച്ചത്. "ഹജ്ജത്തുല്‍വദാഅ്" എന്ന പേരില് അത് അറിയപ്പെടുന്നു.

## ഹജ്ജിന്റെ നിബന്ധനകൾ

- 01 ഇസ്‌ലാം
- 02 ബുദ്ധി സ്ഥിരത
- 03 കഴിവ്
- 04 പ്രായപൂർത്തി

## ഹജ്ജിന്റെ മഹത്വം

അബൂഹുറൈറ (റ) വില് നിന്ന് നിവേദനം: തിരുനബി (ﷺ) പറഞ്ഞു:

01 " സ്ത്രീ-പുരുഷ സംസർഗ്ഗമോ, ദുർവൃത്തികളോ ചെയ്യാതെ അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് ഒരാൾ ഹജ്ജ് നിർവ്വഹിച്ചാൽ, മാതാവ് അവനെ പ്രസവിച്ച ദിവസത്തിലെപ്പോലെ പരിശുദ്ധനായിക്കൊണ്ടാണ് അവൻ മടങ്ങിവരിക. "

02 " പുണ്യപൂര്ണ്ണമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗ്ഗം മാത്രമാണ്. "

## ഹജ്ജിന്റെ വിധി

**ജീവിതത്തിൽ ഒരു തവണ ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്.**

## കുട്ടികളുടെ ഹജ്ജ്

കുട്ടികളെ ഹജ്ജ് ചെയ്യിക്കാം. രക്ഷിതാക്കൾക്ക് പ്രതിഫലം ലഭിക്കും.

റൗഹാഹ് എന്ന സ്ഥലത്ത് വെച്ച് തിരുനബി (ﷺ)യെ കണ്ട് മുട്ടിയ സംഘത്തിലെ ഒരു സ്ത്രീ പെൺകുട്ടിയെ ഉയർത്തിപ്പിടിച്ച് ചോദിച്ചു: ഈ കുട്ടിക്ക് ഹജ്ജുണ്ടോ?
തിരുനബി "അതെ, നിനക്ക് അതിൽ പ്രതിഫലമുണ്ട് " എന്ന് മറുപടി നൽകി.

## മഹ്റം

**സ്ത്രീകൾക്ക് എക്കാലത്തേക്കും വിവാഹം നിഷിദ്ധമായ പുരുഷന്മാരാണ് മഹറാമുകൾ.**

| ഉദാഹരണം |
|---|
| സ്ത്രീകൾക് ഇവരിൽ ഒരാൾ മഹ്റമായി വേണം.<br>1. ഭർത്താവ്<br>2. താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് എന്നന്നേക്കുമായി വിവാഹം നിഷിദ്ധമായവർ:<br>1. അടുത്ത ബന്ധം ( പിതാവ്, സഹോദരൻ, പിതാവിന്റെ സഹോദരൻ, മാതാവിന്റെ സഹോദരൻ )<br>2. വിവാഹബന്ധത്തിലൂടെയുള്ളത് (മകളുടെ ഭർത്താവ്, ഭർത്താവിന്റെ പിതാവ്.)<br>3. മുലകുടിബന്ധത്തിലൂടെയുള്ളത് (മുലകുടി ബന്ധത്തിലുള്ള സഹോദരൻ). |

## മറ്റൊരാൾക്കു വേണ്ടി ഹജ്ജ് നിർവഹിക്കൽ

| അർത്ഥം | നിബന്ധനകൾ |
|---|---|
| സാമ്പത്തികമായി ഹജ്ജിനും ഉംറക്കും കഴിവുള്ളവനാവുകയും, എന്നാൽ രോഗമോ പ്രായാധിക്യമോ കാരണത്താൽ ശാരീരിക ദുർബലത അനുഭവിക്കുകയും ചെയ്യുന്ന വ്യക്തി മറ്റൊരാളെ കൊണ്ട് ഹജ്ജ് ചെയ്യിപ്പിക്കൽ നിർബന്ധമാണ്. | **പകരം ഹജ്ജ് ചെയുനവനുള്ള നിബന്ധനകൾ:**<br>1. മുസ്‌ലിമായ, ബുദ്ധിയുള്ള, പ്രായപൂർത്തിയായ, വ്യക്തിയാവുക.<br>2. സ്വന്തമായി ഹജ്ജ് നിർവഹിച്ചവനാവുക. |

# ഹജ്ജിന്റെ വിധികൾ

## ഇഹ്റാം

ഹജ്ജിന്റേയും ഉംറയുടേയും കർമ്മങ്ങളിലേക്ക്, നിയ്യത്തോടു കൂടി പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്ന് പറയുന്നത്. ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ ഉംറയും ഹജ്ജും കഴിയുന്നത് വരെ പലതും നിഷിദ്ധമായിത്തീരുന്നു. അതിനാലാണ് ഈ പേര് സിദ്ധിച്ചത്.

## ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങള്

- സുഗന്ധം
- നഖം മുറിക്കൽ
- മുടി വെട്ടൽ
- ഭാര്യ ഭർതൃ വേഴ്ചകള്
- വിവാഹാന്വേഷണം
- വേട്ടയാടൽ

നിഷിദ്ധമായ കാര്യങ്ങൾ ചെയ്താൽ ഫിദ് യ അനിവാര്യ മാകുന്നതാണ്.

### സ്ത്രീകൾക്ക് നിഷിദ്ധമായ പ്രവർത്തനങ്ങൾ 2

- കയ്യുറ ധരിക്കുക
- നിഖാബ് ധരിക്കുക

### പുരുഷന്മാർക്ക് നിഷിദ്ധമായ പ്രവർത്തനങ്ങൾ 2

- തല മറക്കുക
- തുന്നിയ വസ്ത്രം ധരിക്കുക

## ഇഹ്റാമിന്റെ സുന്നത്തുകൾ

- ഇഹ്റാമിന് മുമ്പ് കുളിക്കുക
- ഇഹ്റാമിന്റെ വസ്ത്രത്തിലാവാതെ ശരീരത്തിൽ മാത്രം സുഗന്ധം പൂശുക.
- നിർബന്ധ നമസ്കാരത്തിന് ശേഷം ഇഹ്റാമിൽ പ്രവേശിക്കുക.
- ഖിബ് ലയെ അഭിമുഖീകരിച്ച് ഇഹ്റാമിൽ പ്രവേശിക്കുക.

## ഇഹ്റാമിന്റെ വേഷം

പുരുഷൻമാർക്ക് ഉടുക്കാൻ ഒരു മുണ്ടും, പുതക്കാൻ ഒരു മേൽമുണ്ടുമാണ് ഇഹ്റാമിന്റെ വേഷം. മേൽമുണ്ട് രണ്ടറ്റം മാറിലേക്ക് വരത്തക്കവണ്ണം പുതക്കുക. ഷർട്ട്, പാന്റ്സ്, അടിവസ്ത്രങ്ങൾ, സോക്സ് എന്നിവ ധരിക്കുവാനോ, തലമറക്കാനോ പാടുള്ളതല്ല. ചെരുപ്പ് ഉപയോഗിക്കാം. എന്നാല് ഷൂ ഉപയോഗിക്കരുത്.

സ്ത്രീകൾ മുഖവും മുൻ കയ്യുമൊഴികെ ശരീരം മുഴുവനും മറയുന്ന വസ്ത്രമാണ് ധരിക്കേണ്ടത്. അവർ മുഖം മറക്കാനോ കൈയ്യുറകൾ ധരിക്കുവാനോ പാടില്ല. സ്ത്രീകള്ക്ക് അടിവസ്ത്രങ്ങൾ ധരിക്കാം.

## ഹജ്ജിന്റേ മൂന്ന് ഇനങ്ങൾ

**തമത്തുഅ്**

ആദ്യം ഉംറ നിർവ്വഹിക്കുകയും പിന്നീട് ഹജ്ജിന് വേണ്ടി ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്ന രീതി

**ക്വിറാൻ**

ഒരൊറ്റ ഇഹ്റാമിൽ ഉംറയും ഹജ്ജും ചെയ്യുന്ന രീതി

**ഇഫ്റാദ്**

ഉംറ ഇല്ലാതെ ഹജ്ജിന് വേണ്ടി മാത്രം ഇഹ്റാമിൽ പ്രവേശിക്കുന്ന രീതി

﴿فَمَن تَمَتَّعَ بِالْعُمْرَةِ إِلَى الْحَجِّ فَمَا اسْتَيْسَرَ مِنَ الْهَدْيِ﴾

## ഇഹ്റാമിൽ പ്രവേശിക്കാൻ

ഹജ്ജ് മാത്രമാണെങ്കിൽ — اللهم لبيك حجًّا

ഉംറയും ഹജ്ജുമാണെങ്കിൽ — لبيك عمرة وحجًّا

തമത്തുഅ് ആണെങ്കിൽ — لبيك عمرة متمتعا بها الى الحج

# മീഖാത്തിൽ നിന്നും ഇഹ്റാമിൽ പ്രവേശിക്കൽ.


ഹജ്ജും ഉംറയും ഉദ്ദേശിക്കുന്നവർ തിരുനബി (ﷺ) നിർണയിച്ച പ്രത്യേക സ്ഥലങ്ങളിൽ നിന്ന് ഇഹ്റാമിൽ പ്രവേശിക്കൽ നിർബന്ധമാണ്. ഈ സ്ഥലത്തിന് (അൽ-മീഖാത്തുൽ മകാനിയ) എന്ന് പറയുന്നു.

ഹജ്ജോ ഉംറയോ ഉദ്ദേശിക്കുന്നവർ ഇഹ്റാമിൽ പ്രവേശിക്കാതെ മീഖാത്ത് വിട്ടുകടക്കരുത്.

ഏതെങ്കിലും മീഖാത്തിലൂടെ കടന്നുപോകുന്നവർ, അതിന്റെ ആളുകളെല്ലെങ്കിലും അവിടെ വെച്ച് ഇഹ്റാമിൽ പ്രവേശിക്കേണ്ടതാണ്.

ഹജ്ജോ ഉംറയോ നിർവ്വഹിക്കാൻ വിമാനമാർഗം വരുന്നവർ , വിമാനം മീഖാത്തിന് മുകളിലൂടെ കടന്നുപോകുമ്പോൾ തന്നെ ഇഹ്റാമിൽ പ്രവേശിക്കൽ നിർബന്ധമാണ്. വിമാനം ജിദ്ദയിൽ ലാൻഡ് ചെയ്യുന്നത് വരെ പിന്തിക്കാൻ പാടുള്ളതല്ല.

# മീഖാത്തുൽ മകാനിയ്യ



## തൽബിയത്

| ചൊല്ലേണ്ടത് | ചൊല്ലേണ്ട സമയം |
|---|---|
| ഇഹ്റാമിന് ശേഷം ധാരാളമായി തൽബിയത് ചൊല്ലുക. പുരുഷന്മാർ ഉറക്കെയും സ്ത്രീകൾ പതുക്കെയും ചൊല്ലുക. | ഹജ്ജ് ചെയ്യുന്നവർ പെരുന്നാൾ ദിവസം ജംറതുൽ അഖബയിൽ എറിയുന്നത് വരെ. |

## ഹജ്ജിൽ നിബന്ധന വെക്കൽ

രോഗമോ മറ്റോ കാരണത്താൽ ഹജ്ജോ ഉംറയോ പൂർത്തിയാക്കാൻ കഴില്ലെന്ന് ഭയപ്പെടുന്നുവർ ഇഹ്റാമിന്റെ സമയത്ത് നിബന്ധന വെക്കൽ സുന്നത്താണ്.

اللهم محِلِّي حيث حبستني

ഇപ്രകാരം പറഞ്ഞാൽ, പൂർത്തിയാക്കുന്നതിൽ തടസ്സമുണ്ടായാൽ ഇഹ്റാമിൽ നിന്ന് വിരമിക്കൽ അനുവദനീയമാണ്. അവനു അറവ് നടത്തലോ പിന്നീട് ചെയ്തു വീട്ടുകയോ വേണ്ടതില്ല.

## മക്കയിലേക്കുള്ള പ്രവേശനം

**പള്ളിയിൽ പ്രവേശിക്കുമ്പോൾ ഈ പ്രാർത്ഥന നിർവ്വഹിക്കുക:**

أعوذُ باللهِ العظيمِ وبوجهِهِ الكريمِ وسلطانِه القديمِ من الشَّيطانِ الرَّجيمِ

بِسمِ الله وَالصّلاةُ وَالسّلامُ عَلى رَسولِ الله

اللّهُمّ افْتَحْ لِي أَبْوَابَ رَحْمَتِكَ

# ഹജ്ജിന്റെ രൂപം

ഹജ്ജ് ഉദ്ദേശിച്ച് വന്നവൻ, അത് ഉംറക്ക് ശേഷം ഇഹ്റാമിൽ നിന്ന് തഹല്ലുൽ ആകുന്ന മുതമത്തിആണെങ്കിലും,അതേ ഇഹ്റാമിൽ തുടരുന്ന ഖാരിൻ, മുഫ്‌റിദ് എന്നിവരാണെങ്കിലും;
ഹജ്ജ് കർമങ്ങൾ ദുൽഹിജ്ജ 8 മുതൽ പതിമൂന്ന് വരെയാണ്.

## യൗമു ത്തർവിയ

**8**
ദുൽ ഹിജ്ജ്





### ളുഹ സമയത്ത്

മുത്തമത്തിഅ് മക്കയിൽ അവനുള്ള സ്ഥലത്തു നിന്ന് ഇഹ്റാമിൽ പ്രവേശിക്കുകയും തൽബിയത്ത് ചൊല്ലുകയും ചെയ്യട്ടെ

لَبيكَ اللّهُم حَجًّا

എന്നാൽ ഖാരിനോ മുഫ്‌രിദോ ആയി ചെയ്യുന്നർ മീഖാത്തിൽ വെച്ച് പ്രവേശിച്ച അവരുടെ ഇഹ്റാമിൽ തന്നെ തുടരേണ്ടതാണ്.




ഹജ്ജ് ചെയ്യുന്നവർ മിനയിലേക്ക് പോവുകയും

നമസ്കാരങ്ങളൊക്കെ അവിടെ വെച്ച് അതാത് സമയത്ത് തന്നെ, നാല് റക്അത്തുകൾ രണ്ടായി ചുരുക്കി നിർവ്വഹിക്കുന്നു.



അന്ന് ഹാജിമാർ മിനയിൽ രാപാർക്കൽ സുന്നത്താണ്.





ഒമ്പതാമത്തെ ദിവസം പ്രഭാതോദയത്തിന് ശേഷം ഫജ്റ് അവിടെ വെച്ച് നമസ്കരിച്ച് സൂര്യോദയം വരെ മിനയിൽ തങ്ങുക.

ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അതാത് സമയങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

# അറഫാ ദിനം

**9**
**ദുൽ ഹിജ്ജ്**

**തിരുനബി (സ്വ) പറഞ്ഞു : " ഹജ്ജ് അറഫയാണ്. "**
അവിടെ നിൽക്കൽ റുകുനുകളിൽ പെട്ടതാണ്. അതില്ലാതെ ഹജ്ജ് ശരിയാവുകയില്ല, അറഫയിലെ നിർത്തം നഷ്ടപ്പെടുത്തിയാൽ അവൻ ഹജ്ജ് നഷ്ടപ്പെടുത്തി.

## അറഫാദിനത്തിലെ സുന്നത്തുകൾ

അറഫാ ദിനത്തിലെ ഖുത്ബ ശ്രവിക്കുകയും, ദ്യുഹ്റും അസ്വറും ജംഉം ഖ്വസ്റുമായി നിർവ്വഹിക്കുകയും ചെയ്യുക.

നന്മകൾ അധികരിപ്പിക്കുക.

സൂര്യാസ്തമനത്തിന് ശേഷം അറഫയിൽ നിന്ന്  അടക്കത്തോടെയും തൽബിയത്തും ദിക്റും ചൊല്ലിക്കൊണ്ടും മുസ്ദലിഫയിലേക്ക് നീങ്ങുക.



## അറഫയുടെ മൈതാനിയിൽ

ഹാജിമാർ പ്രാർത്ഥനയിലും പ്രകീർത്തനത്തിലും ഖുർആൻ പാരായണത്തിലും വ്യാപൃതരാകേണ്ടതാണ്. സാധിക്കുന്നിടത്തോളം അല്ലാഹുവിന്റെ തിരുദൂതരിൽ നിന്ന് സ്ഥിരപ്പെട്ട പ്രാർത്ഥനകളും പ്രകീർത്തനങ്ങളും ഉരുവിടുക. അല്ലെങ്കിൽ അവൻ ഉദ്ദേശിക്കുന്നത് ഇരുകൈകളുയർത്തി ഖിബലക്ക് അഭിമുഖമായി അല്ലാഹുവോട് വിനയാന്വിതനായി താണുകേണപേക്ഷിച്ച് പ്രാർത്ഥിക്കുക.

## അറഫയിൽ നിൽക്കുന്നവനുള്ള നിബന്ധനകൾ

**മുസ്ലിമായ ഇഹ്റാമിൽ പ്രവേശിച്ച ഹജ്ജ് ചെയ്യാൻ യോഗ്യതയുള്ളവനാവുക.**

**നിർത്തത്തിന്റെ സമയം ശ്രദ്ധിക്കുക. അതായത്, ദുൽഹിജ്ജ ഒമ്പത് സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റിയത് മുതൽ ദുൽഹിജ്ജ പത്ത് പ്രഭാതോദയം വരെ.**

**നിൽക്കുന്ന സ്ഥലം ശ്രദ്ധിക്കുക. അറഫക്ക് പുറത്ത് കഴിച്ചുകൂട്ടൽ അനുവദനീയമല്ല.**



## മുസ്ദലിഫയിൽ രാപ്പാർക്കൽ

മഗ്രിബും ഇശായും മുസ്ദലിഫയിൽ ജംഉം ഖ്വസ്റുമായി നമസ്കരിച്ച് . സുബ്ഹ് നമസ്കാരം വരെ രാപ്പാർക്കുക.

അബ്ദുല്ലാഹി ബ്നു അംറ് (رضي الله عنه) വിൽ നിന്ന് നിവേദനം: തിരുനബി (ﷺ)പറഞ്ഞു: (" ദുആയിൽ ഏറ്റവും ശ്രേഷ്ഠമായ ദുആ അറഫ ദിവസത്തിലേതാകുന്നു. ഞാനും എൻറെ മുമ്പുള്ള നബിമാരും ചൊല്ലിയതിൽ ഏറ്റവും ശ്രേഷ്ഠമായ വചനം

لا إلهَ إلاَّ اللَّه وحْدهُ لاَ شَرِيكَ لهُ، لَهُ المُلْكُ، ولَهُ الحمْدُ، وَهُو عَلَى كُلِّ شَيءٍ قَدِيرٌ

എന്നതാകുന്നു ").

# യൗമു ന്നഹ്ർ

**10**
**ദുൽ ഹിജ്ജ്**

തിരുനബി (ﷺ) പറഞ്ഞു: " അനുഗ്രഹീതനും അത്യുന്നതനുമായ അല്ലാഹുവിൻറെ അടുക്കൽ ദിവസങ്ങളിൽ ഏറ്റവും മഹനീയമായത്  ബലിപെരുന്നാൾ ദിവസമാകുന്നു. അതിൽ പിന്നെ യൗമുൽ ഖർറും ( ദുൽഹജ്ജ് 11 ) ".



ജംറത്തുൽ അഖബയിൽ എറിയൽ ▶ അറവ് നടത്തൽ ▶ മുടി ചെറുതാക്കലോ വടിക്കലോ ▶ ത്വവാഫുൽ ഇഫാദ്വ ▶ ഹജ്ജിൻ്റെ സഅ്യ്

**അത്തഹല്ലുൽ അസ്ഗർ**

എറിയലും അറവും മുടികളയലും കഴിഞ്ഞാലാണ് തഹല്ലുൽ അസ്ഗർ ആവുക.ഇതോടു കൂടി സംയോഗം ഒഴിച്ച് ഇഹ്റാമിൽ ഹറാമായതെല്ലാം അനുവദിനീയമാവുന്നതാണ്.

**അത്തഹല്ലുൽ അക്ബർ**

ത്വവാഫുൽ ഇഫാദ്വ കഴിഞ്ഞാലാണ് തഹല്ലുൽ അക്ബർ ആവുന്നത്. സംയോഗവും അനുവദിനീയമാവുന്നതാണ്.

**ഹാജിമാർ ഫജ്റ് നമസ്കാരം ആദ്യ സമയത്ത് മുസ്ദലിഫയിൽ വെച്ച് നിർവഹിക്കുക.**

**തുടർന്ന് തഹ്മീദും തക്ബീറും ചൊല്ലുകയും നേരം നന്നായി പുലരുന്നത് വരെ പ്രാർത്ഥിക്കുകയും ചെയ്യുക.**

**ശേഷം സൂര്യോദയത്തിന് മുൻപ് തൽബിയത് ചൊല്ലിക്കൊണ്ട് അടക്കത്തോടെ മിനയിലേക്ക് നീങ്ങുക. എന്നാൽ വാദീ മുഹസ്സിറിൽ വെച്ച് വേഗത്തിൽ സഞ്ചരിക്കേണ്ടതാണ്.**

**ജംറതുൽ അഖബയിലെത്തിയാൽ തൽബിയത് അവസാനിപ്പിച്ച്, തക്ബീർ ചൊല്ലിക്കൊണ്ട് ഏഴ് കല്ലുകൾ എറിയുക.**

**തുടർന്ന് ബലിമൃഗത്തെ അറവ് നടത്തി, തലമുണ്ഡനം ചെയ്യുക. സ്ത്രീകൾ മുടിവെട്ടുക.**

**ശേഷം മക്കയിലേക്ക് ചെന്ന് ത്വവാഫുൽ ഇഫാദ്വയും ഹജ്ജിനുള്ള സഅ് യും ചെയ്യുക.**

**മുതമത്തിഅ് ആയി ചെയ്യുന്നവർക്കും അല്ലെങ്കിൽ ഖാരിനോ മുഫ്രിദോ ആയി ചെയ്യുകയും ത്വവാഫുൽ ഖുദൂമിനൊപ്പം സാധിക്കാത്തവർക്കുമാണ് ഈ സഅ്യ്.**

# അയ്യാമുത്തശ്‌രീഖ്

11 ദുൽ ഹിജ്ജ്


12 ദുൽ ഹിജ്ജ്

13 ദുൽ ഹിജ്ജ്

11നും 12നും 13നും മിനായിൽ രാപ്പാർക്കൽ. എന്നാൽ നേരത്തെ പോകാനുദ്ദേശിക്കുന്നവർക് 12 നു സൂര്യാസ്തമയത്തിനു മുമ്പായി പോകൽ അനുവദിനീയമാണ്. ശ്രേഷ്ഠമായത് 13 നും രാപ്പാർക്കലാണ്.

തിരുനബി (ﷺ) പറഞ്ഞു:
(ദുൽഹജ്ജ് 11, 12, 13 എന്നീ അയ്യാമുത്തശ് രീഖിന്റെ നാളുകളിൽ നിങ്ങൾ നോമ്പനുഷ്ഠിക്കരുത്. കാരണം ആ ദിനങ്ങൾ തിന്നുവാനും കുടിക്കുവാനും അല്ലാഹുവിന് ദിക്റ് എടുക്കുവാനുമുള്ള നാളുകളാകുന്നു )

ഈ മൂന്നു ദിവസങ്ങളിലും ഏഴു കല്ലുകൾ വീതം ഓരോ ജംറകളിലും എറിയേണ്ടതാണ്. ആദ്യം ജംറത്തുസ്സുഗ്റയിലും തുടർന്ന് വുസ്ത്വയിലും ശേഷം കുബ്റയിലും അല്ലാഹു അക്ബർ എന്ന് ചൊല്ലി കല്ലെറിയുക.




## കല്ലേറിന്റെ സമയം

സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുന്നത് മുതൽ അടുത്ത ദിവസത്തെ പ്രഭാതോദയം വരെയാണ് സമയം.
സൂര്യൻ മദ്ധ്യാഹ്നത്തിൽ നീങ്ങുന്നതിന്റെയും അസ്തമിക്കുന്നതിന്റെയുമിടയിലെ സമയത്ത് എറിയലാണ് സുന്നത്ത്.



ഏഴ് കല്ലുകളാണ് എറിയേണ്ടത്.
ഓരോ കല്ല് എറിയുമ്പോഴും തക്ബീർ ചൊല്ലണം.
കല്ലുകളെല്ലാം ഹൗദ്വിലാണ് പതിക്കേണ്ടത് .
ചെറിയ ജംറയിൽ കല്ല് എറിഞ്ഞതിന് ശേഷം ഹാജി തന്റെ വലത് ഭാഗത്തേക്ക് അൽപം മാറി, ഖിബലക്ക് അഭിമുഖമായി കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നത് സുന്നത്താണ്.
മധ്യത്തിലെ ജംറയിൽ കല്ല് എറിഞ്ഞതിന് ശേഷം ഹാജി തന്റെ ഇടതു ഭാഗത്തേക്കു അൽപം മാറി ഖിബിലക്ക് അഭിമുഖമായി കൈകൾ ഉയർത്തി ദീർഘമായി പ്രാർത്ഥിക്കുന്നത് സുന്നത്താണ്.
വലിയ ജംറയിൽ കല്ല് എറിഞ്ഞതിന് ശേഷം അവിടെ നിൽക്കേണ്ടതില്ല അവിടെ ദുആയില്ല.



## വിടവാങ്ങൽ ത്വവാഫ് :

ഹാജിമാർ മക്കയിൽ നിന്നും പോകാനുദ്ദേശിച്ചാലാണ് വിടവാങ്ങൽ ത്വവാഫ് ചെയ്യേണ്ടത്.
ഇത് ആർത്തവകാരികൾക്കും പ്രസവരക്തമുള്ള സ്ത്രീകൾക്കും ഇളവുണ്ട്.

# ഹജ്ജ്



وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا
وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ

**ജീവിതത്തിൽ ഒരിക്കൽ നിർവ്വഹിക്കൽ നിർബന്ധമായ ഇസ്‌ലാമിന്റെ അഞ്ചാമത്തെ സ്തംഭമാണ് ഹജ്ജ്.**

## റുക്നുകൾ

ഏതെങ്കിലും റുക്നിൽ ഉപേക്ഷ വരുത്തിയാൽ ഹജ്ജ് നിരർത്ഥകമാകുന്നതാണ്.

- ഇഹ്റാം
- അറഫയിൽ നിൽക്കൽ
- ത്വവാഫുൽ ഇഫാദ്വ
- ഹജ്ജിന്റെ സഅ്‌യ്

## വാജിബാത്തുകൾ

**ഏതെങ്കിലും വാജിബ് ഒഴിവായാലും ഹജ്ജ് സ്വീകാര്യമാണ്. എന്നാൽ അറവ് നടത്തേണ്ടതാണ്.**

- മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ
- സൂര്യാസ്തമയം വരെ അറഫയിൽ നിർത്തം
- മുസ്ദലിഫയിൽ രാപ്പാർക്കൽ
- അയ്യാമുത്തശ് രീഖിൽ മിനയിൽ രാപ്പാർക്കൽ
- ജംറകളിൽ കല്ലെറിയൽ
- തലമുണ്ഡനം അല്ലെങ്കിൽ മുടി വെട്ടൽ
- വിട പറച്ചിലിൻറെ ത്വവാഫ്
- ( ഹ ദ് യ് ) ബലിയുറക്കൽ

### അതിന്റെ സമയം ആരംഭിക്കുന്നത്

8 ദുൽ ഹിജ്ജ് **മുതൽ** 12 ദുൽ ഹിജ്ജ്

ദുൽ ഹിജ്ജ മാസത്തിൽ നിന്ന്

### ഹജ്ജിന് വരാനുള്ള നിബന്ധനകൾ

- ഇസ്‌ലാം
- ബുദ്ധി
- പ്രായപൂർത്തി
- സ്വതന്ത്രനാവുക

| ത്വവാഫിൽ പാടില്ലാത്തത് | | | |
|---|---|---|---|
| 1 | നിയ്യത്ത് ചൊല്ലിപ്പറയൽ | 2 | ഹജറുൽ അസ്‌വദിന് നേരെ കാണിച്ച കൈ ചുംബിക്കൽ. |
| 3 | കഅ്ബയുടെ വിരി സ്പർശിക്കലും ബറകത്തെടുക്കലും. | 4 | ഓരോ ചുറ്റലിനും പ്രത്യേക പ്രാർത്ഥന നടത്തുക. |
| 5 | സംഘടിതമായി ദിക്ർ ഉരുവിടലും ശബ്ദമുയർത്തലും. | 6 | റുക്നുൽ യമാനിയിലേക്ക് കൈ കാണിക്കലും, അത് ചുംബിക്കലും. |
| 7 | ജനങ്ങളെ പിന്തിപ്പിക്കുന്ന വിധത്തിൽ ഹജറുൽ അസ്‌വദിന് അഭിമുഖമായി നിൽക്കൽ. | 8 | ഹജറുൽ അസ്‌വദിന്റെയടുക്കൽ തിരക്ക് കൂട്ടൽ, വിശിഷ്യാ സ്ത്രീകൾ. |

| സഅ്‌യിൽ പാടില്ലാത്തത് | | | |
|---|---|---|---|
| 1 | വലതുതോൾ വെളിവാക്കി സഅ്‌യ് ചെയ്യൽ. | 2 | ഓരോ റൗണ്ടിലും പ്രത്യേകമായ പ്രാർത്ഥന നിർണയിച്ചു ചൊല്ലൽ. |
| 3 | സ്വഫയും മർവയും കയറുമ്പോഴൊക്കെ ആയത്ത് ആവർത്തിക്കൽ. | 4 | നമസ്കാരത്തിലേത് പോലെ കൈകൾ ഉയർത്തലും അതാവർത്തിക്കലും. |
| 5 | സ്വഫാ മർവക്കിടയിൽ പച്ചനിറം നൽകപ്പെട്ട സ്ഥലങ്ങളിൽ സ്ത്രീകൾ ഓടൽ. | 6 | സ്വഫായിലേക്ക് കയറിയതിന് ശേഷം ആയത്ത് പാരായണം ചെയ്യൽ. |
| 7 | ഹജ്ജിലും ഉംറയിലുമല്ലാതെ സഅ് യ് ചെയ്യൽ. | 8 | |

| എറിയുമ്പോൾ ചെയ്യാൻ പാടില്ലാത്തത് | | | |
|---|---|---|---|
| 1 | എറിയുന്ന കല്ല് കഴുകുക. | 2 | വലിയ കല്ലുകളോ ചെരുപ്പോ എറിയൽ |
| 3 | എറിയാതെ അതിലേക്ക് ഇട്ടുകൊടുക്കുക. | 4 | ചെറിയതോ, നടുവിലുള്ളതോ, വലുതോ ആയ ശൈത്വാനെന്ന് ജംറകൾക്ക് നാമകരണം ചെയ്യൽ. |
| 5 | ഏഴ് കല്ലുകളും ഒന്നിച്ച് എറിയുക. | 6 | ഹൗദ്വിലാണോ പതിക്കുന്നതെന്ന് നോക്കാതെ ദൂരെ നിന്നെറിയൽ. |
| 7 | അടയാളമായി വെച്ച മതിലാണ് അടിസ്ഥാനപരമായി എറിയേണ്ടതെന്ന് കരുതുക | 8 | |

| തലമുണ്ഡനത്തിലും മുടി വെട്ടലിലും പാടില്ലാത്തത് | | | |
|---|---|---|---|
| 1 | ചില ഭാഗത്തെ തലമുടി കളയലും ഇതര ഭാഗത്ത് കളയാതിരിക്കലും. | 2 | എല്ലാ ഭാഗത്തെയും തലമുടി വെട്ടാതിരിക്കുക. |
| 3 | സഅ്‌യ് ചെയ്യുന്ന സ്ഥലത്ത് വെച്ച് മുടി വെട്ടലും, തലമുടി അവിടെ ഉപേക്ഷിക്കലും. | 4 | |


# വിശുദ്ധ മദീന സന്ദർശനം

**ത്വാബ** **ത്വയ്ബ** **യഥ്രിബ്**

## മദീനയുടെ മഹത്വങ്ങൾ

1. മദീന പാപങ്ങളേയും, മ്ലേച്ഛതകളേയും നീക്കുന്നു.
2. മദീന വിശ്വാസികളുടെ സാങ്കേതമാണ്. അവിടെ ദുർമാർഗികൾക്ക് സ്ഥാനമില്ല.
3. അവിടത്തെ താമസക്കാർക്കും, ജീവിതത്തിനും, മരണത്തിനും ശ്രേഷ്ഠതയുണ്ട്.
4. ദജ്ജാലിൽ നിന്നും ത്വാഊനിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നു.
5. സുഖകരമായ ജീവിതം അനുഗ്രഹിതമായ ഉപജീവനം.
6. മദീന പവിത്രമാക്കപ്പെട്ടതും നിർഭയത്വമുള്ളതുമാണ്.
7. മസ്ജിദുന്നബവി സ്ഥിതിചെയ്യുന്നത് അവിടെയാണ്.










തിരുനബി (ﷺ) പറഞ്ഞു: മസ്ജിദുൽഹറാം ഒഴികെ ഇതര പള്ളികളിലെ 1000 നമസ്കാരങ്ങളേകാൾ അതിശ്രേഷ്ഠമാണ് എൻറെ ഈ പള്ളിയിൽ (മസ്ജിദുന്നബവിയിൽ) ഒരു നമസ്കാരം.
മസ്ജിദു ൽഹറാമിലെ ഒരു നമസ്കാരം ഒരു ലക്ഷം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാകുന്നു

| സന്ദർശന മര്യാദകളും വിധി വിലക്കുകളും | | | |
|---|---|---|---|
| 1 | സാധാരണ പള്ളിയിലേക്ക് പ്രവേശിക്കുമ്പോഴുള്ള പ്രാർത്ഥന ചൊല്ലി വലത് കാൽ വെച്ച് കയറുക. | 2 | രണ്ട് റക്അത്ത് തഹിയ്യത്തുൽ മസ്ജിദ് നമസ്കരിക്കുക. അത് റൗദ്വായിൽ വെച്ച് നിർവഹിക്കുന്നതാണ് ഏറെ ശ്രേഷ്ഠകരം. |
| 3 | ബഖീഇലേയും ഉഹ്ദ് ശുഹദാക്കളുടെയും ഖബ്ർ സന്ദർശനം നടത്തൽ സുന്നത്താണ്. | 4 | ഖുബാ പള്ളി സന്ദർശിച്ച് അവിടെ വെച്ച് നമസ്കരിക്കുന്നത് സുന്നത്താണ്. |
| 5 | അടക്കത്തോടെയും ഒതുക്കത്തോടെയും തിരുനബിയുടെയും, അബൂബക്കർ, ഉമർ എന്നിവരുടെയും ഖബ്ർ സന്ദർശനം നടത്തി സലാം പറയൽ സുന്നത്താണ്. | 6 | |

| മദീന സന്ദർശന വേളയിലെ തെറ്റുകൾ | | | |
|---|---|---|---|
| 1 | പ്രാർത്ഥിക്കുമ്പോൾ ഖബറിന് മുന്നിടുക | 2 | അല്ലാഹുവിന് പുറമെ നബി (ﷺ) യോട് പ്രാർത്ഥിക്കുകയും ആവശ്യങ്ങൾ തേടുകയും ചെയ്യുക. ഇത് വലിയ ശിർക്കാണ്. |
| 3 | ബറകത് എന്ന നിലയിൽ നബി (ﷺ) യുടെ വീടിന്റെ ചുമരിൽ തടവലും, ചുംബിക്കലും. അത് ബിദ്അത്തും ശിർക്കിലേക്കുള്ള മാർഗവുമാണ്. | 4 | |

# ഹജ്ജിന്റെ മൂന്ന് ഇനങ്ങൾ

## തമത്തുഅ്


1. ഇഹ്റാമിൽ പ്രവേശിക്കൽ
2. ഉംറയുടെ ത്വവാഫ്
3. ഉംറയുടെ സഅയ്
4. മുടി ചെറുതാക്കലൊ വടിക്കലൊ
5. മക്കയിൽ നിന്ന് ഹജ്ജിന്റെ ഇഹ്റാമിൽ പ്രവേശിച്ച് മിനയിലേക്ക്
6. ദുൽഹിജ്ജ ഒമ്പതിന് അറഫയിലേക്ക്
7. ദുൽഹിജ്ജ ഒമ്പത് വൈകുന്നേരം മുസ്ദലിഫയിലേക്ക്
8. ദുൽഹിജ്ജ പത്തിന് അറവ് നടത്തൽ
9. മുടി ചെറുതാക്കലൊ വടിക്കലൊ
10. ത്വവാഫുൽ ഇഫാദ്വ നിർവ്വഹിക്കാൻ മക്കയിലേക്ക്
11. ഹജ്ജിന്റെ സഅയ്
12. അയ്യാമുത്തശ് രീഖിൽ രാപാർക്കുന്നതിനായി മിനയിലേക്ക്
13. അയ്യാമുത്തശ് രീഖിൽ ജംറകളിലെ കല്ലേറ്
14. വിടവാങ്ങൽ ത്വവാഫ് ചെയ്യാൻ മക്കയിലേക്ക്

## ക്വിറാൻ

1. ഇഹ്റാമിൽ പ്രവേശിക്കൽ
2. ആഗമന ത്വവാഫ്
3. ഹജ്ജിന്റെ സഅയ്
4. ഇഹ്റാമിൽ തുടരുന്നു
5. ദുൽഹിജ്ജ എട്ട് ദ്വുഹാ സമയത്ത് മിനയിലേക്ക്
6. ദുൽഹിജ്ജ ഒമ്പതിന് അറഫയിലേക്ക്
7. ദുൽഹിജ്ജ ഒമ്പത് വൈകുന്നേരം മുസ്ദലിഫയിലേക്ക്
8. ദുൽഹിജ്ജ പത്തിന് അറവ് നടത്തൽ
9. മുടി ചെറുതാക്കലൊ വടിക്കലൊ
10. ത്വവാഫുൽ ഇഫാദ്വ നിർവ്വഹിക്കാൻ മക്കയിലേക്ക്
11. അയ്യാമുത്തശ്രീഖിൽ രാപാർക്കുന്നതിനായി മിനയിലേക്ക്
12. അയ്യാമുത്തശ് രീഖിൽ ജംറകളിലെ കല്ലേറ്
13. വിടവാങ്ങൽ ത്വവാഫ് ചെയ്യാൻ മക്കയിലേക്ക്

## ഇഫ്റാദ്

1. ഇഹ്റാമിൽ പ്രവേശിക്കൽ
2. ആഗമന ത്വവാഫ്
3. ഹജ്ജിന്റെ സഅയ്
4. ഇഹ്റാമിൽ തുടരുന്നു
5. ദുൽഹിജ്ജ എട്ട് ദ്വുഹാ സമയത്ത് മിനയിലേക്ക്
6. ദുൽഹിജ്ജ ഒമ്പതിന് അറഫയിലേക്ക്
7. ദുൽഹിജ്ജ ഒമ്പത് വൈകുന്നേരം മുസ്ദലിഫയിലേക്ക്
8. മുടി ചെറുതാക്കലൊ വടിക്കലൊ
9. ത്വവാഫുൽ ഇഫാദ്വ നിർവ്വഹിക്കാൻ മക്കയിലേക്ക്
10. അയ്യാമുത്തശ് രീഖിൽ രാപാർക്കുന്നതിനായി മിനയിലേക്ക്
11. അയ്യാമുത്തശ് രീഖിൽ ജംറകളിലെ കല്ലേറ്
12. വിടവാങ്ങൽ ത്വവാഫ് ചെയ്യാൻ മക്കയിലേക്ക്



مناسك الحج
1
മീക്വാതിൽ നിന്ന് ഇഹ്റാം ചെയ്യൽ
2
ത്വവാഫുൽക്വുദൂം
3
സ്വഫാ മർവക്കിടയിലുള്ള നടത്തം
الصفا
المروة
4
എട്ടാം ദിവസം
മിനായിൽ രാപാർക്കൽ
5
ഒമ്പതാം ദിവസം
അറഫയിൽ നിൽക്കൽ
മുസ്ദലിഫയിൽ രാപാർക്കൽ
6
പത്താം ദിവസം
ജംറത്തുൽ അഖബയിൽ എറിയൽ
الجمرة الكبرى
7
ബലിയറുക്കൽ, മുടി കളയലോ, മുടി വെട്ടലോ
8
ത്വവാഫുൽ ഇഫാദ, സ അ യ്
الصفا
المروة
9
11 മുതൽ 13 വരെ
മൂന്ന് ജംറയിൽ എറിയൽ
10
ത്വവാഫുൽ വദാഅ